# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 3      10-06-2013-ൽ മറുപടിയ്ക്ക്

## പോലീസ് ഫോൺ ചോർത്തുന്നത് സംബന്ധിച്ച ആക്ഷേപങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. എളമരം കരീം<br>ശ്രീ. സാജു പോൾ<br>ഡോ. കെ.ടി. ജലീൽ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസ് ഫോൺ ചോർത്തുന്നത് സംബന്ധിച്ച ആക്ഷേപങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ; | (എ) രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത, ആഭ്യന്തര സുരക്ഷ, കുറ്റകൃത്യങ്ങൾ തടയൽ, പബ്ലിക് ഓർഡർ മുതലായ കാര്യങ്ങൾ പരിഗണിച്ച് ഒരുവ്യക്തിയുടെ മൗലികസ്വാതന്ത്ര്യത്തിന്മേൽ ന്യായമായ നിയന്ത്രണങ്ങൾ (Reasonable restrictions) ഏർപ്പെടുത്തുന്നതിനുള്ള ഭരണഘടനാവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 1885-ലെ ഇന്ത്യൻ ടെലഗ്രാഫ് ആക്റ്റ് വകുപ്പ് 5(2), 2000-ലെ ഇൻഫർമേഷൻ ടെക്നോളജി ആക്റ്റിലെ വകുപ്പ് 69 എന്നിവയിലെയും ബന്ധപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് ടെലഫോണുകൾ നിരീക്ഷണത്തിൽ വയ്ക്കുന്നതിന് അനുമതി നൽകുന്നത്. നിയമാനുസൃതമായി മാത്രം അനുമതി നൽകുന്നതിനാൽ ഇക്കാര്യത്തിൽ ജുഡീഷ്യൽ അന്വേഷണത്തിന്റെ ആവശ്യം കാണുന്നില്ല. |
| (ബി) ജനപ്രതിനിധികളുടെയും രാഷ്ട്രീയ പാർട്ടി നേതാക്കളുടെയും സമുദായ നേതാക്കളുടെയും മറ്റും ഫോൺ ചോർത്തിക്കൊണ്ടിരിക്കുന്നത് സംബന്ധിച്ച ആക്ഷേപങ്ങളിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇപ്രകാരമുള്ള interception നടക്കുന്നില്ല. |

| | |
|---|---|
| (സി) തീവ്രവാദസംഘടനകളിൽ ഉൾപ്പെട്ടവരുടെ ഫോണുകൾ ചോർത്തുന്നതുപോലെ സർക്കാരിനെ വിമർശിക്കുന്നവരുടെ ഫോണുകൾ ചോർത്തുന്നതും അതിന് അനുമതി നൽകുന്നതും ഉചിതമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; | (സി) ഉദിക്കുന്നില്ല. |
| (ഡി) ഈ സർക്കാരിന്റെ കാലത്ത് അനുമതിയോടുകൂടിയും അല്ലാതെയും എത്ര ഫോണുകൾ പോലീസ് ചോർത്തുകയുണ്ടായെന്ന് വിശദമാക്കാമോ ? | (ഡി) നിയമാനുസൃതമല്ലാത്ത ഒരു നടപടിയും സ്വീകരിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ